**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 336** **18-03-2025 - ൽ മറുപടിയ്ക്ക്**

**പുതുതലമുറ വ്യവസായങ്ങളുടെ പ്രോത്സാഹനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. എം.വിജിൻ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതുതലമുറ വ്യവസായങ്ങളുടെ സ്ഥാപനത്തിനും പ്രോത്സാഹനത്തിനുമായി സ്വീകരിച്ചു വരുന്ന നയപരിപാടികൾ വിശദമാക്കുമോ; | (എ) | വ്യവസായ രംഗത്ത് കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും നിക്ഷേപകർക്ക് സംരംഭങ്ങൾ തുടങ്ങാൻ കൂടുതൽ മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെയും ഭാഗമായി സംസ്ഥാനത്തിന്റെ ദൗർബല്യങ്ങൾ തിരിച്ചറിഞ്ഞുകൊണ്ടും, അതിന്റെ അന്തർലീനമായ നേട്ടങ്ങൾ പ്രയോജനപ്പെടുത്തുകയും ചെയ്യുന്ന ഒരു ബദൽ കാഴ്ചപ്പാട് ഉയർത്തിപ്പിടിച്ച് യാഥാർത്ഥ്യ ബോധത്തോടെ വ്യവസായ നയം, 2023 സ.ഉ (കൈ) നം 28/2023/ID തീയതി 01/04/2023 പ്രകാരം സർക്കാർ അംഗീകരിച്ചു ഉത്തരവായിട്ടുണ്ട്. കേരളത്തിന് ഇണങ്ങുന്ന മേഖലകളിൽ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാനും സംസ്ഥാനത്തെ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള മാനവ വിഭവശേഷിയെ ശരിയാംവണ്ണം വിനിയോഗിക്കാൻ കഴിയുന്ന ആധുനീക സ്മാർട്ട് വ്യവസായങ്ങൾക്ക് പ്രത്യേക പരിഗണന നൽകുവാനും, അതിലൂടെ ത്വരിതഗതിയിലുള്ള സ്ഥായിയായ വ്യവസായവത്കരണം സാധ്യമാക്കാനും ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ് സർക്കാരിന്റെ 2023 ലെ പുതിയ വ്യവസായ നയം.<br><br>എയ്റോസ്പേസ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, പ്രതിരോധം, റോബോട്ടിക്സ്, ബയോടെക്നോളജി, ഇലക്ട്രിക് വാഹനങ്ങൾ, ഭക്ഷ്യസംസ്കരണം, വിവര സാങ്കേതിക വിദ്യ, ലോജിസ്റ്റിക്സ്, മാരിടൈം മേഖല, മെഡിക്കൽ ഉപകരണങ്ങൾ, നാനോ ടെക്നോളജി, ഗ്രാഫീൻ, ലോജിസ്റ്റിക് & പാക്കേജിംഗ് എന്നിവ ഉൾപ്പെടെ 22 മുൻഗണനാ മേഖലകൾ കണ്ടെത്തിക്കൊണ്ട് ഈ മേഖലകളിൽ ആരംഭിക്കുന്ന പദ്ധതികൾക്ക് 18 ഇനം സബ്സിഡികളും വ്യവസായ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സ്റ്റാർട്ടപ്പ് മേഖലയിൽ, കേരളത്തിലെ പുതുതലമുറ യുവ സംരംഭകരെ പിന്തുണയ്ക്കുന്നതിൽ കേരള സ്റ്റാർട്ടപ്പ് മിഷൻ (കെ.എസ്.യു.എം) നിർണായക പങ്ക് വഹിക്കുന്നു. സംരംഭകരുടെ ആശയങ്ങളെ വിജയകരമായ വ്യവസായങ്ങളാക്കി മാറ്റുന്നതിനായി, പ്രാരംഭ ആശയം മുതൽ ബിസിനസ്സ് വിപുലീകരണം വരെയുള്ള വിവിധ ഘട്ടങ്ങളിൽ ആവശ്യമായ സഹായം കെ.എസ്.യു.എം നൽകുന്നു. കൂടാതെ കയറ്റുമതി പ്രോത്സാഹന നയം സർക്കാർ ഇതിനോടകം അംഗീകരിക്കുകയും, ലോജിസ്റ്റിക് പാർക്ക് നയം, ഇ.എസ്.ജി.നയം, തുടങ്ങിയവ പ്രഖ്യാപിക്കുന്നതിന്റെ അന്തിമ ഘട്ടത്തിലുമാണ്. നവീന വ്യവസായത്തെ പ്രോത്സാഹിപ്പിക്കുവാനായി എ.ഐ. നയം, ജി.സി.സി. നയം, ഹൈടെക് മാനുഫാക്ടറിങ് നയം, ഗ്രാഫീൻ നയം, തുടങ്ങിയവ കൂടാതെ ബ്ലൂ ഇക്കോണമി, വെൽനെസ്സ് & ആയുർവേദ, സ്കില്ലിങ് (പി. പി. പി. ഫ്രെയിംവർക്) എന്നീ നയങ്ങളും രൂപീകരിക്കുന്നതിന്റെ തയ്യാറെടുപ്പിലാണ്.<br><br>വ്യവസായ നയത്തിൽ പ്രതിപാദിച്ചിട്ടുള്ള മുൻഗണന മേഖലകളിലുൾപ്പെടുന്ന എ. ഐ, റോബോട്ടിക്സ് തുടങ്ങി ഒട്ടനവധി മേഖലകളിൽ സെക്ടറൽ മീറ്റിംഗ്സ്, റൌണ്ട് ടേബിൾസ് തുടങ്ങിയവ നടത്തി. മാത്രമല്ല, മീറ്റ് ദി മിനിസ്റ്റർ, മീറ്റ് ദി ഇൻവെസ്റ്റർ പരിപാടികൾ മുഖേനയും പ്രസ്തുത മേഖലകളിലേക്ക് ഡി സ്പേസ്, ഐ ബി എം തുടങ്ങി ഒട്ടനവധി പ്രധാന കമ്പനികളെ കേരളത്തിലേക്ക് ആകർഷിക്കാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | ഈ മേഖലയിൽ സംസ്ഥാനത്തിന് എത്രത്തോളം പുരോഗതി നേടാനായി എന്നതു വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | മേൽ (എ) പിരിവിനുള്ള മറുപടി കണ്ടാലും |
| (സി) | ഗ്രാഫീന്റെ ഉൽപ്പാദനത്തിനും വികസനത്തിനുമായി നടപ്പാക്കുന്ന വിവിധ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ; | (സി) | സാങ്കേതിക വിദ്യ അടിസ്ഥാനമായുള്ള 4-ാം വ്യവസായ വിപ്ലവത്തിന്റെ ഭാഗമായി നിക്ഷേപവും നൂതനത്വവും പ്രോത്സാഹിപ്പിക്കുന്നതും സുസ്ഥിരവും പങ്കാളിത്ത സ്വഭാവവും ഉള്ളതുമായ ഒരു വ്യാവസായിക അന്തരീക്ഷം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഗ്രാഫീൻ മേഖല ഉൾപ്പെടുന്ന 22 മുൻഗണനാ മേഖലയിലെ വ്യവസായങ്ങളുടെ ആവശ്യങ്ങൾക്ക് പരിഗണന നൽകിക്കൊണ്ട് സംസ്ഥാന വ്യവസായ നയം, 2023 സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഗ്രാഫീൻ പാർക്ക് പൈലറ്റ് പ്രൊഡക്ഷൻ ഫെസിലിറ്റി (ജി.പി.പി.എഫ്) സ്ഥാപിക്കുന്നതിനുള്ള നിർവഹണ ഏജൻസിയാണ് ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള. ഒറ്റപ്പാലത്തെ കിൻഫ്ര ഡിഫൻസ് പാർക്കിൽ 55,088 ചതുരശ്ര അടി |

| | | | |
|---|---|---|---|
| | | | ബിൽറ്റ്-അപ്പ് ഏരിയ ഇതിനായി അനുവദിക്കുകയും 10 ഏക്കർ സ്ഥലം നീക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്. കിൻഫ്രയും ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരളയും തമ്മിൽ ധാരണാപത്രം ഒപ്പുവച്ചു. കൂടാതെ കിൻഫ്ര ഡിഫെൻസ് പാർക്കിൽ ഗ്രാഫീൻ അധിഷ്ഠിതമായ ഒരു യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | പുതുതലമുറ വ്യവസായ സംരംഭങ്ങളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനായി ജെൻ എ.ഐ. കോൺക്ലേവ്, ഇന്റർനാഷണൽ റോബോട്ടിക് റൗണ്ട് ടേബിൾ കോൺഫറൻസ് എന്നിവ സംഘടിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | ഉണ്ട്. 2024 ജൂലൈ 11 & 12 തീയതികളിൽ GEN AI കോൺക്ലേവ് സംഘടിപ്പിച്ചു, 2024 ഓഗസ്റ്റ് 23 ന് റോബോട്ടിക്സ് കോൺക്ലേവ് സംഘടിപ്പിച്ചു. വ്യവസായ നയത്തിൽ രേഖപ്പെടുത്തിയിട്ടുള്ള 22 മുൻഗണന മേഖലയിൽ പ്രധാനപ്പെട്ട ഒന്നാണ് റോബോട്ടിക് മേഖല. ഈ മേഖലയുടെ വളർച്ചക്ക് ഊന്നൽ നൽകുന്നതിന്റെ ഭാഗമായി കഴിഞ്ഞ ഓഗസ്റ്റ് മാസത്തിൽ കൊച്ചിയിൽ സർക്കാർ അന്താരാഷ്ട്ര റോബോട്ടിക് റൗണ്ട് ടേബിൾ സംഗമം സംഘടിപ്പിച്ചു. 190-ലധികം കമ്പനികളുടെയും സ്റ്റാർട്ടപ്പുകളുടെയും പ്രതിനിധികളായ 700-ൽ പരം ഡെലിഗേറ്റുകൾ ഈ പരിപാടിയിൽ പങ്കെടുത്തു കൂടാതെ 31 എക്സിബിഷൻ സ്റ്റാളുകളും സന്ദർശകർക്ക് പ്രദർശനത്തിനായി ഒരുക്കിയിരുന്നു. മാത്രമല്ല നിലവിലെ പുതിയ വ്യവസായ നയത്തിൽ നിർമിത ബുദ്ധിയെ മുൻഗണനാ മേഖലയായി പരിഗണിക്കുന്നതിനാൽ ആഗോള തലത്തിൽ ഈ മേഖലയുടെ വളർച്ചയെ കൂടുതൽ പ്രോത്സാഹിപ്പിക്കുന്ന ലക്ഷ്യത്തോടെ കൊച്ചിയിൽ അന്താരാഷ്ട്ര എ.ഐ കോൺക്ലേവ് സംഘടിപ്പിച്ചു ഇതിലൂടെ വ്യവസായവുമായി ബന്ധപ്പെട്ട ചർച്ചകളും ഇൻവെസ്റ്റർ പിച്ച് മീറ്റിംഗുകളും എക്സിബിഷനുകളും നടന്നു. ഈ പരിപാടികളിലൂടെ വൻകിട സ്ഥാപനങ്ങളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിന് സർക്കാരിന് സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ